## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.130 | | 30.09.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **പ്ലാസ്റ്റിക് മാലിന്യങ്ങൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ആർ.രാമചന്ദ്രൻ**<br>**ശ്രീമതി.ഇ.എസ്.ബിജിമോൾ**<br>**ശ്രീമതി.സി.കെ.ആശ** | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വൻതോതിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ആവശ്യമായ ബോധവത്കരണം നടത്തുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ഡയോക്സിൻ, ഫ്യൂറാൻ പോലുള്ള വിഷവാതകങ്ങൾ വമിക്കുന്നതിനും ഇത് കാൻസർ ഉൾപ്പെടെയുള്ള ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമാകുന്നു. ഇക്കാര്യം പൊതുജന ശ്രദ്ധയിൽ കൊണ്ടുവന്ന് ഈ പ്രവണത അവസാനിപ്പിക്കുന്നതിനുള്ള വിവിധ വിവരവിജ്ഞാന വ്യാപന പരിപാടികൾ ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ മുഖേന പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുന്നതിനെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ഉണ്ട്. |
| (ഡി) | സംസ്ഥാനത്ത് കൂടുതൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിനും തുടർന്ന് റിസൈക്കിൾ ചെയ്യുന്നതിലേക്ക് കൈമാറുന്നതിനുമായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി/റിസോഴ്സ് റിക്കവറി സെന്ററുകളെന്ന പശ്ചാത്തലസൗകര്യം എല്ലാ നഗര സഭകളിലും ഗ്രാമ പഞ്ചായത്തുകളിലും സ്ഥാപിക്കുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്. ഈ പശ്ചാത്തല സൗകര്യത്തിന്റെ ഒരു ഘടകമായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളും ഉണ്ടാകും. |

സെക്ഷൻ ഓഫീസർ